# അവതാരിക

കെ.ജി. പൗലോസ്

കഴിഞ്ഞ നൂറ്റാണ്ടിൽ ലോകത്തെങ്ങും ഗൗരവമായി ചർച്ച ചെയ്യപ്പെട്ട ഒരു ഗ്രന്ഥം മഹാഭാരതമായിരുന്നു. ഭണ്ഡാർക്കർ ഓറിയന്റൽ ഇൻസ്റ്റിട്യൂട്ട് ഇരുപത്തി ഒന്ന് വാല്യങ്ങളിൽ സംശോധിത സംസ്കരണം പ്രസിദ്ധീകരിച്ചത് ഈ ലോകശ്രദ്ധയ്ക്ക് ഒരു കാരണമാകാം. കേരളത്തിലും കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സമ്പൂർണ്ണ മലയാളപരിഭാഷ പുറത്തു വന്നത് മഹാഭാരതപഠനങ്ങൾക്ക് പ്രചാരം വർദ്ധിപ്പിച്ചും. ഇവയൊക്കെത്തന്നെ മൂലത്തിന്റെ തനിയാവർത്തനങ്ങളായിരുന്നു. എന്നാൽ, നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ പുറത്തു വന്നത് കാലാനുസൃതമായ പുനർവായനകളായി മാറി. ഇതിഹാസത്തിലെ ചില ഉപേക്ഷിതകളെയോ പ്രത്യേകസന്ദർഭങ്ങളെയോ പാത്രങ്ങളെയോ പുനർവ്യാഖ്യാനം ചെയ്യാനുള്ള ശ്രമങ്ങളായിരുന്നു അവയധികവും. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ ചർച്ചയ്ക്ക് വിധേയമായത് രണ്ടു പാത്രങ്ങളാണ്-കർണ്ണനും ദ്രൗപദിയും. കർണ്ണന്റെ കീഴാളസ്വത്വമാണ് പുനർനിർവചിക്കപ്പെട്ടത്. പാഞ്ചാലി എന്ന പേർ കേൾക്കുമ്പോൾ തന്നെ പരിഹാസമായിരുന്നു പഴമക്കാർക്ക്. എന്നാൽ, പുതിയ കാലഘട്ടത്തിൽ ശക്തിയുടെയും സഹനത്തിന്റെയും പ്രതീകമായി മാറി ആ പേര്. ചെറുതും വലുതുമായ അനേകം പുനരാഖ്യാനങ്ങളുണ്ടായി ദ്രൗപദിയുടെ കഥയ്ക്ക്. അക്കൂട്ടത്തിൽ പെടുത്താവുന്ന അത്യാകർഷകമായ ഒന്നാണ് യാജ്ഞസേനി. നോവൽ എന്നിതിനെ വിളിക്കാമോ എന്നറിയില്ല; ദ്രൗപദിയുടെ ആത്മഗതമാണിത്. കാവ്യാത്മകമായ സ്വഗതാഖ്യാനം. സുന്ദരവും സ്വപ്നസന്നിഭവുമാണിതിന്റെ രചനാശൈലി-ഒട്ടനവധി സഹിച്ച ഒരു പെൺകുട്ടിയുടെ അബോധപൂർവ്വമായ ആത്മാവിഷ്കാരം.

യജ്ഞസേന മഹാരാജാവിന്റെ കൊട്ടാരത്തിൽ ഓമനയായി വളർന്നവളാണ് യാജ്ഞസേനി. ജ്വലിക്കുന്ന ഹോമാഗ്നിയിൽ പിറന്നവൾ, അർജ്ജുനന് വധുവാകൻ നിശ്ചയിക്കപ്പെട്ടവൾ. അതിനനുസൃതമായി അർജ്ജുനന് മാത്രം ജയിക്കാൻ കഴിയുന്ന വീരപരീക്ഷയും നിശ്ചയിച്ചു, സ്വയംവരത്തിന്. അർജ്ജുനൻ ജയിച്ചു; വീരോചിതമായി മംഗല്യം കഴിച്ച് ഗൃഹത്തിലെത്തി. അപ്പോഴാണ്, ഐവരും പങ്കിട്ടെടുക്കാനുള്ള അമ്മയുടെ വിചിത്രമായ നിർദ്ദേശം. ഞാൻ സിംലയിലായിരുന്നപ്പോൾ, മഹാഭാരതസെമിനാറിന് പ്രബന്ധമവതരിപ്പിക്കാൻ എത്തിയ ഒരു കോളേജദ്ധ്യാപിക പറഞ്ഞു, ഹിമാലയത്തിൽ ചില ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ ഇപ്പോഴും ഈ ആചാരം നിയമവിധേയമായിത്തന്നെ നിലനിൽക്കുന്നുണ്ടെന്ന്. മുതിർന്ന ആൺമക്കൾക്കെല്ലാം ഒരാൾതന്നെ ഭാര്യ. സഹോദരന്മാർ യോജിച്ചു കഴിയാനും കുടുംബസ്വത്ത് ഭാഗിച്ചു പോകാതിരിക്കാനുമാണ് ഈ സംവിധാനം. ഇതുകേട്ടപ്പോൾ തോന്നിയത്, ഭിക്ഷയാണെന്ന് തെറ്റിദ്ധരിച്ചല്ല, യഥാർത്ഥം അറിഞ്ഞു തന്നെയാകും പങ്കിട്ടെടുക്കാൻ കുന്തി നിർദ്ദേശിച്ചതെന്നാണ്. ഏതായാലും അഞ്ചുഭർത്താക്കന്മരേയും ഒന്നിച്ചു നിർത്തുന്നതിൽ ദ്രൗപദി വിജയിച്ചു എന്നത് സത്യമാണ്, അതാകാം അമ്മയും ആഗ്രഹിച്ചത്.

തുടർന്നങ്ങോട്ടുള്ള ജീവിതം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. ഹസ്തിനപുരത്തെ കൊട്ടാരവാസം, ചൂതുകളി, അപമാനകരമായ അധിക്ഷേപം; വനവാസക്കാലത്ത് സൈരന്ധ്രിയായി കഴിയേണ്ടിവന്നത്, കീചകന്റെ ദുഷ്പ്രവൃത്തികൾ-എന്തെല്ലാമെന്തെല്ലാം. ഒടുവിൽ സൂചി കുത്താനൊരിടം തരില്ലെന്ന ദുര്യോധനന്റെ ശാഠ്യം. തുടർന്നുണ്ടായ സർവ്വനാശകരമായ മഹായുദ്ധം. അവസാനരാത്രിയിൽ എല്ലാവരും വിജയം ആഘോഷിക്കേ, തന്റെ അഞ്ചു മക്കളുടേയും ദാരുണാന്ത്യം. തോൽവിയേക്കാൾ ഭീകരമായ വിജയം. എല്ലാം കഴിഞ്ഞ് മഹാപ്രസ്ഥാനം. മഞ്ഞിൽ പൂണ്ട് കിടന്ന് ഈ മണ്ണിനോട് വിട പറയുമ്പോൾ ഓർമ്മകൾ പിന്നോട്ട് പായുന്നു, അബോധസ്മൃതികളായി. താനനുഭവിച്ച വേദനകളെല്ലാം മെല്ലെ ആ മഞ്ഞിലലിഞ്ഞില്ലാതെയാകുന്നു.

അത്യാവർജ്ജകമാണ് ഇതിലെ ആഖ്യാനശൈലി. കഥ നമുക്കറിയാവുന്നതാണ്;എന്നാൽ അത നുഭവിച്ചവളുടെ ഓർമ്മകളായി ചുരുൾ നിവരുമ്പോൾ പുതുതായി തോന്നും. ഏറെ കൗതുകം തോന്നുന്ന രണ്ടു മൂന്ന് കാര്യങ്ങളുണ്ട്. അഞ്ചു ഭർത്താക്കന്മാരുണ്ടവൾക്ക്. ആരോടാണധികം പ്രിയം? ധർമ്മ പുത്രർ ഗുരുതുല്യൻ, ഭീമൻ സദാസേവനസന്നദ്ധൻ; അർജ്ജുനനാണ് വീരപരീക്ഷ ജയിച്ചവൻ, നകുല സഹ ദേവന്മാർ ഇളയവർ. ഓരോരുത്തരോടുമുള്ള ബന്ധം ഓരോതരത്തിൽ, ആരോടും കുറവുമില്ല, കൂടു തലുമില്ല. ഇതാണ് ദ്രൗപദിയുടെ വിജയം. ഐയ്വരെയും മെരുക്കി സ്വർണ്ണനൂലിൽ എന്ന പോലെ ബന്ധിച്ച് ഒരു മഹായുദ്ധം ജയിച്ച് രാജ്യം നേടാൻ അവളെ പ്രാപ്തിയാക്കിയത് ഈ നയചാതുരി ആണ്, കുന്തി ആഗ്രഹിച്ചതും അതുതന്നെയായിരുന്നു.

മറ്റൊരു കാര്യം, ഈ ഓർമ്മകളിൽ ഗാന്ധാരിയുമായി ദ്രൗപദിക്കുള്ള ബന്ധമാണ്. സാധാരണ നിലയിൽ ദ്രൗപദിയുടെ ഏറ്റവും വലിയ ശത്രുവാകേണ്ടവളാണ് ഗാന്ധാരി-കൗരവരുടെ അമ്മ. എന്നാൽ രാജസദസ്സിൽ സ്വന്തം പുത്രന്മാർ അവളെ അപമാനിച്ചപ്പോൾ രക്ഷയ്ക്കെത്തിയത് ഗാന്ധാരിയാണ്. മക്കൾ അഞ്ചും നഷ്ടപ്പെട്ട് വിലപിച്ചപ്പോൾ ആശ്വസിപ്പിച്ചത്, നൂറുമക്കളും നഷ്ടപ്പെട്ട ആ അമ്മയാ ണ്. സ്ത്രീ, അമ്മ എന്നീ നിലകളിൽ ഇരുവരും ഒരേ നിലയിലാണ്.

ഈ ഓർമ്മകളിൽ തെളിഞ്ഞു വരുന്ന ഏറ്റവും മിഴിവുള്ള ചിത്രം ശ്രീകൃഷ്ണന്റേതാണ്. പ്രതി സന്ധിഘട്ടങ്ങളിലെല്ലാം അവളെ ആശ്വസിപ്പിക്കുന്നത് കൃഷ്ണനാണ്. സുഹൃത്ത്, സഹോദരൻ, വഴി കാട്ടി-എല്ലാമെല്ലാമാണ് കൃഷ്ണയ്ക്ക് കൃഷ്ണൻ. അവസാനനിമിഷത്തിലും അവളുടെ അഭയം കൃഷ്ണൻ തന്നെ.

നിരക്ഷരരായ സാധാരണ ജനങ്ങൾ ആദി മുതൽ തന്നെ ദ്രൗപദിയെ തിരിച്ചറിഞ്ഞിരുന്നു. ഭാര തത്തിൽ അങ്ങോളമിങ്ങോളം ആരാധനാലയങ്ങൾ പണിത് ശക്തിസ്വരൂപിണിയായി അവർ പാണ്ഡവ പത്നിയെ ആരാധിച്ചിരുന്നു. ഭർത്താക്കന്മാർക്കോ വീരയോദ്ധാക്കൾക്കോ വേണ്ടിയല്ല അവർ പ്രതി ഷ്ഠകൾ സൃഷ്ടിച്ചത്, തങ്ങളുടെ വീരനായികയ്ക്കുവേണ്ടിയായിരുന്നു.

അഗ്നിയിൽ കുരുത്ത, പ്രതിസന്ധികളെ ധീരതയോടെ നേരിടുന്ന, ശക്തിയുടെയും സഹന ത്തിന്റെയും പ്രതിനിധി ആയിട്ടാണ് ദ്രൗപദിയെ ഈ നോവലിൽ ഡോ. രജനി അവതരിപ്പിച്ചിരിക്കുന്ന ത്. അന്ത്യനിമിഷത്തിലും എനിക്ക് മരണമില്ല എന്നാണവളുടെ ആത്മവിശ്വാസം. ഉരുക്കിന്റെ മനസ്സുള്ള ദ്രൗപദിമാർ ഈ കാലഘട്ടത്തിന് ആവശ്യമാണ്.

പഠിക്കുന്ന കാലം മുതൽ ഇതിഹാസപുരാണങ്ങളുടെയും കലാസാഹിത്യരചനകളുടെയും അന്ത രീക്ഷത്തിലാണ് രജനി വളർന്നത്. പരിപക്വമായ ആ സംസ്കാരമാണ് കവിത തുളുമ്പുന്ന രീതിയിൽ ദ്രൗപദിയുടെ ഓർമ്മകളെ കോർത്തിണക്കാൻ രജനിക്ക് കഴിവ് നൽകിയത്. രജനിയുടെ പ്രസിദ്ധീക രിക്കുന്ന ആദ്യത്തെ നോവലാണിത്. ഇനിയും അനേകം രചനകൾ നമുക്ക് ലഭിക്കട്ടെ എന്ന ആഗ്രഹ ത്തോടെ രാജ്ഞസേനിയെ സഹൃദയസമക്ഷം സമർപ്പിക്കുന്നു.

തൃപ്പൂണിത്തുറ,

02.02.2021